**<u>ഭരണഭാഷ-മാതൃഭാഷ</u>**

സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടർ ജനറലിന്റെ നടപടി
വികാസ്ഭവൻ, തിരുവനന്തപുരം

വിഷയം:- ഡി.ഇ.എസ് - ജീവനക്കാര്യം - അഡീഷണൽ ജില്ലാ ഓഫീസർ / സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ / സ്ക്രൂട്ടിനി ഓഫീസർ / സീനിയർ റിസർച്ച് അസിസ്റ്റന്റ് തസ്തികയിൽ സ്ഥലം മാറ്റവും സ്ഥാനക്കയറ്റവും നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :- 1. 20/04/2018 ലെ അസാധാരണ കേരള ഗസറ്റ് നമ്പർ.1017.
2. 04/06/2018 ലെ ഇതേ നമ്പർ ഉത്തരവ്.

<u>ഉത്തരവ് നമ്പർ.ഇബി (6) 222/2018/ഡിഇഎസ് തീയതി 11/07/2018</u>

സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിൽ അഡീഷണൽ ജില്ലാ ഓഫീസർ / സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ / സ്ക്രൂട്ടിനി ഓഫീസർ / സീനിയർ റിസർച്ച് അസിസ്റ്റന്റ് തസ്തികയിൽ താഴെ പറയുന്ന സ്ഥലംമാറ്റങ്ങൾ ഉടൻ പ്രാബല്യത്തിൽ വരത്തക്ക വിധത്തിൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം | പേരും നിലവിലെ ഓഫീസും | സ്ഥലം മാറ്റം നൽകി നിയമിച്ച ഓഫീസ് |
|---|---|---|
| 1. | ശ്രീ.രാധാകൃഷ്ണൻ.സി.എൻ,<br>അഡീഷണൽ ജില്ലാ ഓഫീസർ<br>(എസ്.ആർ.എസ്),<br>സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്<br>ജില്ലാ ആഫീസ്, കണ്ണൂർ<br>(അപേക്ഷ പ്രകാരം) | അഡീഷണൽ ജില്ലാ ഓഫീസർ<br>(എസ്.ആർ.എസ്)<br>സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്,<br>ജില്ലാ ഓഫീസ്, ഇടുക്കി<br>(ശ്രീ. കരുണാകരൻ.ആർ വിരമിച്ച ഒഴിവ്) |
| 2. | ശ്രീ.മാധവൻ.കെ<br>സ്ക്രൂട്ടിനി ഓഫീസർ (എൻ.എസ്.എസ്),<br>സാമ്പത്തിക സ്ഥിതിവിവരക്കണക്ക്<br>ഡയറക്ടറേറ്റ്, തിരുവനന്തപുരം<br>(അപേക്ഷ പ്രകാരം) | അഡീഷണൽ ജില്ലാ ഓഫീസർ<br>(എസ്.ആർ.എസ്)<br>സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്<br>ജില്ലാ ഓഫീസ്, പാലക്കാട്<br>(ശ്രീ.ഗോപാലകൃഷ്ണൻ.സി ക്ക് സ്ഥാനക്കയറ്റം ലഭിച്ച ഒഴിവ്) |

സ്ഥലംമാറ്റപ്പെട്ടവരിൽ ഒരേ സ്റ്റേഷനിൽ ഒരു വർഷത്തെ സേവനം പൂർത്തിയാക്കാത്തവർക്ക് അവരുടെ അപേക്ഷ പ്രകാരമുള്ള മാറ്റമാകയാൽ യാത്രാപ്പടിയ്ക്ക് അർഹത ഉണ്ടായിരിക്കുന്നതല്ല. എന്നാൽ നിയമാനുസൃതമായ പ്രവേശനകാലത്തിന് അർഹത ഉണ്ടായിരിക്കുന്നതാണ്.

പരാമർശം (1) പ്രകാരം അഡീഷണൽ ജില്ലാ ഓഫീസർ / സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ / സ്ക്രൂട്ടിനി ഓഫീസർ / സീനിയർ റിസർച്ച് അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റത്തിന് സെലക്ട് ലിസ്റ്റിൽ നിലവിൽ സീനിയറായ നാല് ഉദ്യോഗസ്ഥർക്ക് 36600-900-37500-1000-42500-1100-48000-1200-54000-1350-59400-1500-65400-1650-72000-1800-79200/- രൂപ ശമ്പള സ്കെയിലിൽ ഉടൻ പ്രാബല്യത്തിൽ വരത്തക്കവിധം ഉദ്യോഗക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.